GOVT HS AYLARA

# ACADEMIC MASTER PLAN 2025-26

# “സായകം”

## ഗവ. ജി എച്ച് എസ്, അയിലറ

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26







# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. | റവന്യൂ ജില്ല | : കൊല്ലം |
| 2. | സ്കൂൾ കോഡ് | : 40029 |
| 3. | സ്കൂളിന്റെ പേര് | : ഗവ. ജി എച്ച് എസ്, അയിലറ |
| 4. | മേൽവിലാസം | : ഗവ. ജി എച്ച് എസ്, അയിലറ, P O |
| 5. | പിൻകോഡ് | : 691312 |
| 6. | ഫോൺ നമ്പർ | : 9995456549 |
| 7. | ഈ-മെയിൽ അഡ്രസ്സ് | : ghsaylara@gmail.com |
| 8. | ഗ്രാമപഞ്ചായത്ത് | : ഏരൂർ |
| 9. | വിദ്യാഭ്യാസ ജില്ല | : കൊല്ലം |
| 10. | സബ്ജില്ല | : അഞ്ചൽ |
| 11. | ക്ലാസുകൾ | : 8,9,10 |
| 12. | മാനേജ്മെന്റ് | : ഗവൺമെന്റ് |
| 13. | പഠനം മാധ്യമം | : മലയാളം, ഇംഗ്ലീഷ് |

# ആമുഖം

കൊല്ലം ജില്ലയിലെ കിഴക്കൻ മലയോരമേഖലയായ ഏരൂർ ഗ്രാമപഞ്ചായത്തിലെ അയിലറ ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് അയിലറ ഗവൺമെന്റ് ഹൈസ്കൂൾ. 8,9,10 ക്ലാസുകളിൽ ആയി ഹൈസ്കൂൾ വിഭാഗം മാത്രമാണ് ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നത്. 2020 ലെ കോവിഡ് കാലം വരെ ഓരോ ക്ലാസുകളിലും മൂന്ന് ഡിവിഷനുകൾ വീതം സ്കൂളിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ കോവിഡ് കാലത്തിനു ശേഷം കുട്ടികളുടെ എണ്ണത്തിൽ ക്രമാതീതമായ കുറവുണ്ടായി. ഭൗതിക സൗകര്യങ്ങളുടെ വികാസത്തിൽ സമീപപ്രദേശത്തെ വിദ്യാലയങ്ങളിൽ ഉണ്ടായ പുരോഗതിക്ക് സമാനമായ വികസന പ്രവർത്തനങ്ങൾ അയിലറ ഹൈസ്കൂളിൽ ഉണ്ടാകാതിരുന്നത് കുട്ടികളുടെ കുറവിന് പ്രാധാന കാരണമായി.കുട്ടികളുടെ എണ്ണത്തിലുള്ള കുറവാണ് ഇന്ന് വിദ്യാലയം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി.

വിദ്യാലയത്തിലെ അക്കാദമിക ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും സാമൂഹ്യ സമ്പർക്കം ശക്തിപ്പെടുത്തിയും വിദ്യാലയത്തെ പുരോഗതിയുടെ പാതയിലേക്ക് കൊണ്ടുവരുവാനുള്ള തീവ്രയത്നങ്ങൾ ഇപ്പോൾ നടക്കുകയാണ്.

പരിമിതികൾക്കിടയിലും SSLC പരീക്ഷയിൽ തുടർച്ചയായി 100% വിജയം നിലനിർത്താൻ വിദ്യാലയത്തിന് കഴിയുന്നു. കലാകായിക മേഖലയിലും ശാസ്ത്രോത്സവത്തിലും അഞ്ചൽ ഉപജില്ലയിൽ മികച്ച പ്രകടനം നടത്തുന്ന വിദ്യാലയമായി പേരെടുക്കാനും സാധിക്കുന്നു. സ്കോളർഷിപ്പ് പരീക്ഷകൾക്കും മറ്റു മത്സര പരീക്ഷകൾക്കും മികച്ച പരിശീലനം നൽകി കുട്ടികളെ പങ്കെടുപ്പിക്കുന്നു.

അയിലറ ഹൈസ്കൂളിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കാനുള്ള പരിശ്രമം ചിട്ടയായി മുന്നേറുന്നു. അധ്യാപകർ, രക്ഷകർത്താക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ, തുടങ്ങിയവർ ഉൾപ്പെട്ട വിദ്യാലയ വികസന സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യു.

വികസന സെമിനാറിൽ രൂപം കൊണ്ട ലക്ഷ്യങ്ങൾ പൂർണ്ണമായും സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങൾ വരും വർഷങ്ങളിൽ കൃത്യതയോടെ നടപ്പിലാക്കി കൊണ്ട് അയിലറ ഹൈസ്കൂളിനെ ഉന്നതിയിലേക്ക് നയിക്കാനുള്ള പരിശ്രമങ്ങളാണ് നടക്കുന്നത്

# അയിലറ ഗവ. ഹൈസ്കൂളിന്റെ ചരിത്രം"

5 ഏലകളുടെ അറ എന്നർത്ഥം വരുന്ന അയ്യേലറ എന്നതിൽ നിന്നാണ് അയിലറ എന്ന സ്ഥലനാമത്തിന്റെ ഉല്പത്തി. കുന്നിൻ പ്രദേശങ്ങൾക്ക് നടുവിലുള്ള സമതലം നെൽകൃഷിക്കായി ഉപയോഗപ്പെടുത്തി. അയലറയിലെ നെൽകൃഷിയും കാർഷിക ഉൽപ്പന്നങ്ങളും, കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലും തമിഴ്നാട്ടിലും പ്രസിദ്ധമായിരുന്നു ഇത്തരത്തിൽ കാർഷിക ജീവിതവുമായി ബന്ധപ്പെട്ട ഒരു ജനസമൂഹമാണ് അയലറയിൽ ജീവിച്ചിരുന്നത് .

മലയോര പ്രദേശത്തെ സാധാരണക്കാരായ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം സാധ്യമാക്കുക എന്ന ഉദ്ദേശത്തോടെ 1982 ലാണ് ഹൈസ്കൂൾ സ്ഥാപിതമായത്. പ്രദേശത്തെ പ്രമുഖനായ പൊതുപ്രവർത്തകൻ ശ്രീകുമാരപിള്ള സാറാണ് വിദ്യാലയത്തിന്റെ ആരംഭ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് സ്വന്തമായി വാങ്ങിയ ഭൂമി അദ്ദേഹം വിദ്യാലയത്തിനായി വിട്ടുനൽകുകയായിരുന്നു.

1984 – 85 ൽ ആദ്യ SSLC ബാച്ച് നിലവിൽ വന്നു. വിദ്യാലയത്തിന്റെ പ്രവർത്തനാരംഭം മുതൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം നടത്താൻ അയിലറ ഹൈസ്കൂളിന് സാധിക്കുന്നു. കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി പ്രതിഭകളെ നാടിന് സമ്മാനിക്കാൻ ഇക്കാലയളവിൽ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

# അയിലറ ഹൈസ്കൂൾ ഇന്ന്

8, 9, 10 ക്ലാസുകളിലായി 2025 - 26 അധ്യയന വർഷം, 46 [redacted] കുട്ടികളാണ് അയിലറ ഹൈസ്കൂളിൽ പഠനം നിർവഹിക്കുന്നത്. പ്രധാന അധ്യാപികയ്ക്ക് പുറമേ മൂന്ന് സ്ഥിരം അധ്യാപകരും, രണ്ട് താൽക്കാലിക അധ്യാപകരും, ഒരു കൗൺസിലറും, 4 അനധ്യാപകരും വിദ്യാലയത്തിൽ ഉണ്ട്. കുട്ടികളുടെ കുറവ് മൂലം ഇംഗ്ലീഷ്, ബയോളജി വിഷയങ്ങൾക്ക് നിലവിൽ അധ്യാപകരില്ലാത്ത അവസ്ഥയാണ്. പിടിഎ പണം നൽകിയാണ് ഈ വിഷയങ്ങൾക്ക് താൽക്കാലികമായി അധ്യാപകരെ നിയമിച്ചിരിക്കുന്നത്.

പ്രകൃതി സൗന്ദര്യം നിറഞ്ഞതും ,മൂന്ന് ഏക്കറിൽ അധികം വ്യാപിച്ചു കിടക്കുന്നതുമായ സ്കൂൾ കോമ്പൗണ്ടാണ് അയിലറ ഹൈസ്കൂളിലെ പ്രത്യേകത. പച്ചക്കറി തോട്ടം, പൂന്തോട്ടം, വിവിധ സസ്യങ്ങൾ എന്നിവയ്ക്ക് പുറമെ വിശാലമായ കളി സ്ഥലവും വിദ്യാലയത്തിനുണ്ട്. പുതുമ ഉണർത്തുന്നതും സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നതുമായ പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ നിറവേറ്റുവാനും പരമാവധി കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കുവാനും ആണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത

# അക്കാദമികം - നേട്ടങ്ങൾ

ഏരൂർ ഗ്രാമപഞ്ചായത്തിൽ SSLC പരീക്ഷയിൽ 100% വിജയം തുടർച്ചയായി നിലനിർത്താൻ അയിലറ ഹൈസ്കൂളിന് സാധിക്കുന്നു. NMMS പോലെയുള്ള സ്കോളർഷിപ്പ് പരീക്ഷകളിലും പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തുന്നു. പരീക്ഷകൾക്ക് മുന്നോടിയായി അധിക സമയം പരിശീലനം നൽകി കുട്ടികളുടെ ആത്മവിശ്വാസം ഉണർത്തുവാനും, മികച്ച വിജയം കരസ്ഥമാക്കാനും, പ്രാപ്തരാക്കുന്നു. JRC കേഡറ്റുകളുടെ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ വൈകാരിക - മാനസിക പുരോഗതി ഉറപ്പുവരുത്തുന്നു. കൗൺസിലിങ്ങിലൂടെ കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടു പോകുവാനുള്ള പിന്തുണയും നൽകുന്നു. ക്ലാസ് മുറികൾ ഹൈടെക് സംവിധാനത്തോടെ ഉപയോഗിക്കുന്നു.

## അക്കാദമികം - പരിമിതികൾ

SSLC പരീക്ഷയിൽ പൂർണ്ണവിജയം നേടുന്നെങ്കിലും മുഴുവൻ വിഷയങ്ങൾക്കും A+ നേടുന്ന തരത്തിൽ മുന്നേറാൻ കഴിയുന്നില്ല. SPC, NCC, NSS തുടങ്ങിയ പിന്തുണ സംവിധാനങ്ങളുടെ അഭാവം വിദ്യാർത്ഥികളുടെ ആത്മവിശ്വാസത്തെ ബാധിക്കുന്ന ഘടകമായി നിലനിൽക്കുന്നു. കമ്പ്യൂട്ടർ ലാബ്, ലബോറട്ടറി, ലൈബ്രറി സംവിധാനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. പുതിയ പാഠ്യ പദ്ധതിക്ക് അനുസൃതമായ പഠനസൗകര്യങ്ങളുടെ അപര്യാപ്തത വിദ്യാലയത്തിനുണ്ട്.

## ഭൗതികം - നേട്ടങ്ങൾ

നിലവിൽ 8, 9, 10 ക്ലാസുകൾ പ്രവർത്തിക്കുന്നതിനായി മൂന്നു ക്ലാസ് മുറികളാണ് ഉപയോഗിക്കുന്നത്. ഇവ ടൈൽ പാകിയതും, ഹൈടെക് ക്ലാസ് റൂം സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. കമ്പ്യൂട്ടർ ലാബും,.ലൈബ്രറി സംവിധാനവും, സജ്ജീകരിച്ചിട്ടുണ്ട്.

# ഭൗതികം - പരിമിതികൾ

ഉപയോഗശൂന്യമായി കിടക്കുന്ന ക്ലാസ് മുറികൾ വൃത്തിയാക്കി സംരക്ഷിക്കുവാൻ കഴിയണം. കമ്പ്യൂട്ടർ ലാബ് ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും കാലപ്പഴക്കവും സ്ഥലപരിമിതിയും പ്രധാന പ്രശ്നമാണ്. ലൈബ്രറിക്ക് അനുബന്ധമായി റീഡിങ് റൂം ഇല്ലാത്തതും ന്യൂനതയാണ്. സ്കൂൾ ഓഡിറ്റോറിയം വിദ്യാലയത്തിലെ ഏറ്റവും പഴക്കം ചെന്ന കെട്ടിടമാണ്. പാചകപ്പുര വൃത്തിയാക്കി സംരക്ഷിച്ചു നിലനിർത്തുന്നുണ്ടെങ്കിലും കുട്ടികൾക്ക് ഇരുന്നു ഭക്ഷണം കഴിക്കാനുള്ള സൗകര്യം ഇല്ല. ശുചിമുറികളുടെ അഭാവവും പ്രധാനപ്പെട്ട വിഷയമാണ്. ആധുനിക സൗകര്യങ്ങൾ ഉള്ള ശുചിമുറിയും ശൗചാലയും അത്യാവശ്യമാണ്.

വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും ഭംഗിയായി ക്രമീകരിക്കുവാൻ കഴിഞ്ഞിട്ടില്ല മനോഹരമായ ഒരു സ്റ്റേഡിയം ആയി സജ്ജീകരിക്കാനുള്ള ശ്രമം നടത്തേണ്ടതുണ്ട്.

ജൈവവൈവിധ്യ പാർക്ക് പൂന്തോട്ടം തുടങ്ങിയവ കൂടുതൽ ആകർഷകമായ രീതിയിൽ സജ്ജീകരിക്കണം.

## സാമൂഹികം- നേട്ടങ്ങൾ

വിദ്യാലയത്തിൽ സംഘടിപ്പിക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സാമൂഹ്യ പങ്കാളിത്തത്തോടെ നിർവഹിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം സാമൂഹ്യബന്ധിതമാണ്. സാമൂഹ്യ ശുചിത്വം, ലഹരി വിരുദ്ധ ബോധവൽക്കരണം, വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളിൽ പ്രദേശത്തെ ക്ലബ്ബുകളുടെയും വായനശാലകളുടെയും സഹകരണം ഉറപ്പുവരുത്തുന്നു. കുടുംബശ്രീ ഉൾപ്പെടെയുള്ള സാമൂഹ്യ സംവിധാനങ്ങളെയും വിദ്യാലയ പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കുന്നു.

## സാമൂഹികം - പരിമിതികൾ

വിദ്യാലയ വികസന സമിതി പൂർവ്വ വിദ്യാർത്ഥി സംഘടന തുടങ്ങിയ സംവിധാനങ്ങൾ സജീവമായി പ്രവർത്തിക്കുന്നില്ല. കുട്ടികളുടെ കുറവ് സമൂഹത്തിന്റെ പങ്കാളിത്തത്തെയും അംഗീകാരത്തെയും പിന്നോട്ട് വലിക്കുന്ന ഘടകമായി നിലനിൽക്കുന്നു

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ആയാസരഹിതവും, ആകർഷകവുമായ ഇംഗ്ലീഷ് പഠനം
3. ഗണിതശേഷി വികസനം.
4. ശാസ്ത്രപോഷണ പരിപാടി
5. ലബോറട്ടറി നവീകരണം(ശാസ്ത്രം, സാമൂഹ്യശാസ്ത്രം,ഗണിതം)
6. ആധുനിക സൗകര്യങ്ങളോടുകൂടിയ സ്കൂൾ ലൈബ്രറി
7. കമ്പ്യൂട്ടർലാബ് ആധുനീകരണം.
8. കായിക പരിപോഷണം
9. സ്കൂൾഗ്രൗണ്ട് വികസനം
10. കലാ പരിപോഷണം.
11. സ്കൂൾ ഓഡിറ്റോറിയം നവീകരണം
12. ശില്പശാലകൾ (കല,സാഹിത്യം, ശാസ്ത്രം)
13. പരിസ്ഥിതി സംരക്ഷണം - ജൈവ വൈവിധ്യ പാർക്ക്

15. സ്കൂൾമുറ്റത്തൊരു പൂന്തോട്ടം

16. പച്ചക്കറിത്തോട്ടം

17. സ്കോളർഷിപ്പ് പരീക്ഷ പരിശീലനത്തിന് സ്ഥിരം സംവിധാനം

18. പഠനയാത്രകൾ

19. ആനുകാലികങ്ങൾ, പത്രങ്ങൾ, സ്കൂൾ പത്രം

20. സജീവമായ സ്കൂൾ ബ്ളോഗ്

21. പ്രതിഭാപോഷണ പരിപാടി

22. കൗൺസിലിംഗ്

23. മെഡിക്കൽ ക്യാമ്പുകൾ

24. രക്ഷാകർതൃ പരിശീലനം - കാര്യക്ഷമമായ ക്ലാസ്സ് പിടിഎ

25. അധ്യാപക ശാക്തീകരണം.

26. ദിനാചരണങ്ങൾ-വൈവിധ്യവൽക്കരണം.

27. സാമൂഹ്യ സമ്പർക്കം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ.

28. ശാസ്ത്ര-പ്രവൃത്തി പരിചയ മേളകളിലെ സജീവ പങ്കാളിത്തം.

29. കാര്യക്ഷമമായ ലഘുഭക്ഷണ സംവിധാനം

# ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| 1. ഭാഷാശേഷി വികസനം<br>എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതുവാനും വായിക്കാനുള്ള ശേഷി വികസനം (ശ്രദ്ധ തേൻമൊഴി പദ്ധതി )<br>ഭാഷാപരമായ പിന്നാകാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദനിർമ്മാണം<br>4. വാക്യ നിർമ്മാണം<br>5. ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സവിശേഷമായ (ആശയവിനിമയം വിവരണം മാനസികലാസം) പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | മലയാളം അധ്യാപകൻ<br><br>മലയാളം അധ്യാപകൻ എസ് ആർ ജി കൗൺസിലർ | PTA<br>വി<br>സ |

| | | | | |
|---|---|---|---|---|
| എല്ലാ<br>കുട്ടികളെയും<br>സ്വതന്ത്ര<br>വായനക്കാർ<br>ആക്കുക | 1. ക്ലാസ് ലൈബ്രറി ക്രമീകരണം<br>2. ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങളുടെ വായന വായനക്കുറിപ്പ് അവതരണം വിലയിരുത്തൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ പതിപ്പ് നിർമ്മാണം<br>3. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകം ലഭ്യമാക്കൽ<br>4. വായനാമൂല ഒരിക്കൽ<br>5. അധ്യാപകർക്കും രക്ഷകർത്താക്കൾക്കും പുസ്തക വായനയ്ക്കുള്ള സൗകര്യമൊരുക്കൽ<br>6. ജന്മദിനത്തിനൊരു പുസ്തകം പദ്ധതി<br>7. സ്കൂൾ ലൈബ്രറി നവീകരണം<br>8. പത്രവായന- പ്രധാന വാർത്തകൾ അവതരണം<br>9. വായനയ്ക്ക് വാർഷിക മത്സരം (കുട്ടികൾ, അധ്യാപകർ രക്ഷകർത്താക്കൾ<br>10. സ്കൂൾ വായനക്കൂട്ടം രൂപീകരിക്കൽ | 2 ആഴ്ച<br><br>അക്കാദമിക വർഷം<br><br>2 ആഴ്ച<br><br>അക്കാദമിക വർഷം | ക്ലാസ്<br>ലൈബ്രേറിയൻ<br><br>മലയാളം<br>അധ്യാപകൻ<br><br>ക്ലാസ്<br>ലൈബ്രേറിയൻ<br><br>മലയാളം<br>അധ്യാപകൻ<br>PTA | PTA<br>BRC |

| | | | |
|---|---|---|---|
| 3. സർഗ്ഗശേഷി വികസനം | 1. വായനാനുഭവം പങ്കുവെക്കൽ<br>2. കഥ കവിത രചന ശില്പശാലകൾ<br>3. ക്ലാസ് സ്ഥലം സ്കൂൾ തലം പത്രം പ്രസിദ്ധീകരിക്കൽ<br>4. പുസ്തക ചർച്ച, പുസ്തക ആസ്വാദനം,ഇ-വായന<br>5. പ്രാദേശിക എഴുത്തുകാരുമായി സംവദിക്കൽ<br>6. സമീപത്തെ വായനശാല പ്രവർത്തനങ്ങളിലെ പങ്കാളിത്തം | അവധിക്കാലം<br>അക്കാദമിക വർഷം - രണ്ട് തവണ<br>എല്ലാ ആഴ്ചയും<br>മാസത്തിൽ ഒരു തവണ<br>അക്കാദമിക വർഷം ഒരു തവണ<br>അക്കാദമിക വർഷം | മലയാളം അധ്യാപകൻ<br>SRG<br>പൂർവ്വ വിദ്യാർത്ഥി സംഘടന<br>മലയാളം അധ്യാപകൻ |
| 4. പത്രവായന പരിപോഷണം | 1. പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br>2. ഓരോ ക്ലാസിനും ഓരോ പത്രം<br>3. പത്രവായന പ്രധാന, വാർത്തകൾ അവതരണം<br>4. പത്രക്വിസ് - എല്ലാ ദിവസവും ചോദ്യങ്ങൾ നൽകി ആഴ്ച തോറും മത്സരം | അക്കാദമിക വർഷം<br>ദിവസേന<br>ആഴ്ചയിൽ ഒരു തവണ | വിദ്യാരംഗം ചുമതല<br>ക്ലാസ് അധ്യാപകൻ<br>മലയാളം അധ്യാപകൻ |
| 5. ആവിഷ്കാര മികവ് പരിപോഷിപ്പിക്കുക | 1. ചിത്രരചന ദൃശ്യ ആവിഷ്കാരം എന്നിവയിൽ പരിശീലനം<br>2. ശില്പശാലകൾ കലാ പരിശീലനം | ആഴ്ചയിൽ ഒരു ദിവസം<br>അക്കാദമിക വർഷം മൂന്ന് തവണ | അധ്യാപക കൂട്ടായ്മ<br>റിസോഴ്സ് പേഴ്സൺ |

## ഉപ മേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു<br>2. പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>3. ഗണിത ക്ലബ്ബ് രൂപീകരണം | ജൂൺ | ഗണിത ടീച്ചർ | |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കും | 1. ജാമതീയപെട്ടിയുടെ ലഭ്യത<br>2. ശില്പശാലകൾ | തുടർ പ്രവർത്തനം | ഗണിത ടീച്ചർ | |
| 3. ഗണിത പഠന പ്രവർത്തനം ലളിതമാക്കൽ | ഗണിത ആശയങ്ങളിൽ ലളിതമായി അവതരിപ്പിക്കുന്നു | ജൂൺ ആദ്യവാരം | ക്ലാസിലെ ഗണിതത്തിനു മുൻപിൽ ഉള്ള കുട്ടികൾ | |

| | | | | |
|---|---|---|---|---|
| 4. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിക്കുക | ഫീൽഡ് ട്രിപ്പ് | ടെർമിൽ ഒന്ന് | അധ്യാപകർ പിടിഎ | |
| 5. ഗണിത ആശയങ്ങളിൽ നിന്നും എടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ എന്നിവ പരിചയപ്പെടാൻ | 1. ക്ലബ്ബ് പ്രവർത്തനം<br>2. ശില്പശാലകൾ സംഘടിപ്പിക്കുക | തുടർ പ്രവർത്തനം<br>അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ<br>ഗണിത ക്ലബ്ബ് | |
| 6. സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |
| 7. അധ്യാപകർ കാലന്യൂസ് ചെറിയ ക്ലാസ് മുതലുള്ള തുടർ പ്രവർത്തനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | 1. ചർച്ചകൾ സംഘടിപ്പിക്കുന്നു<br>2. വിഷയ സമിതിയുടെ പ്രവർത്തനം, ഇടപെടൽ, ആസൂത്രണം | തുടർ പ്രവർത്തനം | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 8. ഗണിതത്തിന് കുട്ടികളുടെ സംഭാവനകൾ | 1. ഗണിത ഗ്രാമം<br>കുട്ടികളും സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരുടെയും കൂട്ടായ്മ | ശനിയാഴ്ച അവധി ദിനങ്ങൾ | ഗണിത അധ്യാപകർ | |
| 9. ഗണിത മത്സര വേദികളിലെ മികവ് | 1. ഗണിത ക്ലബ്ബ് പ്രവർത്തനം ഊർജ്ജിതമാക്കൽ<br>2. മത്സരങ്ങൾക്ക് പ്രാപ്തരാക്കൾ | 1. മാസത്തിൽ രണ്ട്<br>2. ആഴ്ചയിലൊരിക്കൽ | ക്ലബ് സെക്രട്ടറി<br>അധ്യാപകർ<br>PTA | |
| 10. ഗണിത ലാബ് | ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ആദ്യ ടേം | അധ്യാപകർ<br>ക്ലബ്ബംഗങ്ങൾ<br>പിടിഎ | |
| 11. രക്ഷിതാക്കളുടെ ബോധവൽക്കരണം | മാസത്തിൽ ഒരു പിടിഎ യോഗം | മാസത്തിൽ ഒന്ന് | ഹെഡ്മിസ്ട്രസ്<br>അധ്യാപകർ<br>പിടിഎ<br>പ്രസിഡന്റ് | |

## ഉപ മേഖല - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. സ്കൂൾ ജൈവവൈവിധ്യ സംരക്ഷണം | 2. സ്കൂളിലെ ജൈവവൈവിധ്യം പട്ടിക തയ്യാറാക്കലും സംരക്ഷണവും<br>3. സ്കൂൾ വളപ്പിൽ നിൽക്കുന്ന വിവിധ വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും ദത്ത ശേഖരണം നടത്തി രജിസ്റ്റർ തയ്യാറാക്കൽ<br>4. ദൃശ്യങ്ങൾക്ക് ലേബൽ നൽകൽ ശാസ്ത്രീയ നാമം അടക്കം | അക്കാദമിക വർഷം | അധ്യാപകൻ | |
| 2.കുട്ടികളുടെ ആരോഗ്യസ്ഥിതി സംബന്ധിച്ച് | കുട്ടികളുടെ ആരോഗ്യ ഡേറ്റ തയ്യാറാക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | |
| 3. ശാസ്ത്രാഭിരുചി വളർത്തുക | സയൻസ് മേഖലയുമായി ബന്ധപ്പെട്ട പ്രാഗല്ഭ്യം തെളിയിച്ച വ്യക്തികൾ കുട്ടികളുമായി നടത്തുന്ന സംവാദം | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 4. ശാസ്ത്രാഭിരുചി വളർത്തുക | ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br><br>ജൂൺ 5 :ലോക പരിസ്ഥിതി ദിനം<br>ജൂൺ 14 :ലോക രക്ത ദിനം<br>ജൂൺ 26:ലഹരി വിരുദ്ധ ദിനം<br>ജൂലൈ 21:ചന്ദ്രദിനം<br>സെപ്റ്റംബർ 16 :ഓസോൺ ദിനം<br>നവംബർ 14 :പ്രമേഹ ദിനം<br>ഫെബ്രുവരി 28: ശാസ്ത്ര ദിനം | അക്കാദമിക വർഷം | അധ്യാപകൻ | |
| 5. സയൻസ് ലാബുകളുടെ കാലാനുസൃത നവീകരണം | സയൻസ് ലാബ് ഐടി ലാബ് എന്നിവയുടെ പരിപാലനവും ഉന്നമനവും ( സയൻസ് ഹൈറ്റി ലാബുകളിലെ സാധനസാമുകളുടെ അളവും എണ്ണവും ചിട്ടപ്പെടുത്തി രജിസ്റ്റർ കാലികമാക്കുന്നു ) | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | |
| 6. ശാസ്ത്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രോത്സാഹനം നൽകൽ | ശാസ്ത്രമേള വിവിധ ശാസ്ത്രം മത്സരങ്ങൾ ക്വിസ് സെമിനാറുകൾ എന്നിവയിൽ പങ്കെടുക്കുന്നതിന് കുട്ടികൾക്ക് ആവശ്യമായ പരിശീലനം സഹായവും നൽകൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | |

## ഉപ മേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനവുമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | SRG | |

## ഉപ മേഖല - പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ ന്യൂസ് ചിത്രങ്ങൾ ക്ഷേത്ര കലകൾ കോട്ടകൾ തുടങ്ങിയവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | വർഷത്തിൽ ഒരു തവണ | SS ടീച്ചേഴ്സ് | PTA |

| ഉപ മേഖല - പ്രവർത്തിപരിചയം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പ്രവർത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവർത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കൽ ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ | ഒരു വർഷത്തിൽ ഒരു മാസം | SRG | 10,000/- തദ്ദേശസ്വയംഭരണ സ്ഥാപനം |

| ഉപ മേഖല - കലാരംഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കലാമികവുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും, ചിത്ര കലയിലും മറ്റു കലാവാസനങ്ങളും ഉള്ള | ആഴ്ചയിൽ രണ്ടുദിവസം ഒരു വർഷം | SRG | PTA |

| ഉപ മേഖല - കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിൽ എത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിൽ എത്തിക്കൽ | എല്ലാദിവസവും രാവിലെയും വൈകിട്ടും അവധി ദിവസങ്ങളിലും ഒരു വർഷം | | PTA |
| 2. സ്കൂൾ കളിസ്ഥലം സ്റ്റേഡിയം ആക്കി വിപുലീകരിക്കുക | | | | |

| ഉപ മേഖല - കൗൺസലിംഗ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകൽ നല്ല വ്യക്തിത്വമുള്ളവരാക്കൽ | ആത്മവിശ്വാസം ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ ഗൃഹ സന്ദർശനം അഭിമുഖം നിരീക്ഷണം പ്രശ്നപരിഹാരണം തുടങ്ങിയ വിവിധ മാർഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ ഇൻഡിവിജ്വൽ കൗൺസിലിംഗ് ഗ്രൂപ്പ് കൗൺസിലിംഗ് | എല്ലാദിവസവും | സ്കൂൾ കൗൺസിലർ | |

| ഉപ മേഖല - സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. പഠിതാക്കളിൽ അവബോധം ഉണർത്തുക, ചരിത്ര അവബോധത്തിൽ നിന്ന് ഭാവി രൂപപ്പെടുത്തുക. | 1. പിന്നിട്ട വഴികൾ<br>എന്താണ് ചരിത്രം, ചരിത്രത്തിന് സംഭാവന നൽകിയ വ്യക്തികൾ, സ്ഥലങ്ങൾ, സന്ദർഭങ്ങൾ എന്നിവയുടെ വിവരണം വർക്ക് ഷീറ്റുകൾ ഉപയോഗിച്ചുള്ള അടിസ്ഥാന ആശയങ്ങളുടെ ഉറപ്പിക്കലുകൾ<br><br>2. ചരിത്രത്തിന്റെ ചിറകിൽ<br>സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കിയ പ്രത്യേക പഠന സാഹചര്യം ഒരുക്കുന്നു . | അക്കാദമിക വർഷം - നിശ്ചിത തീയതികൾ<br><br>ആഴ്ചയിൽ ഒരു ദിവസം | സാമൂഹ്യശാ സ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 2.ജനാധിപത്യം, പൗരബോധം, മൂല്യബോധം, അവകാശങ്ങൾ, കടമകൾ, ദേശസ്നേഹം, എന്നിവയെപ്പറ്റി കുട്ടികളിൽ അവബോധം വളർത്തുക | ഒരുമയുടെ കരങ്ങൾ സാമൂഹ്യശാസ്ത്രക്ലബ് രൂപീകരണം ഭരണഘടന ആമുഖം -കയ്യെഴുത്ത് പ്രതി നിർമ്മിക്കൽ, സ്കൂൾ പാർലമെന്റ് രൂപീകരണം, പൗരബോധം വളർത്തുക, സാമൂഹ്യ സേവനം വളർത്തുന്ന വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടു ത്ത ദിനങ്ങൾ | സാമൂഹ്യശാ സ്ത്ര അധ്യാപകർ സന്നദ്ധ സംഘടനകൾ സാമൂഹ്യപ്രവ ർത്തകർ രാഷ്ട്രീയ നേതാക്കൾ പഞ്ചായത്ത് അംഗങ്ങൾ | |
| 3- സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | ആകാശ കണ്ണുകൾ അറിവിന്റെ ലോകം<br>സാമൂഹ്യശാസ്ത്ര ലാബുകൾ, ഐസിടി സഹായത്തോടെ ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ, നക്ഷത്രങ്ങൾ, സൗരയൂഥം, ശൂന്യാകാശം, മുതലായവ മനസ്സിലാക്കൽ ഐഎസ്ആർഒ തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രങ്ങൾ സന്ദർശനം | അക്കാദമിക വർഷം | PTA<br>SMC<br>SS ടീച്ചേർസ് | |

| | | | | |
|---|---|---|---|---|
| 4. മതേതരത്വം, സഹിഷ്ണുത എന്നിവ ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളർത്തുക<br>സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ<br><br>സാമൂഹിക പരിഷ്കർത്താക്കളുടെ ചരിത്രങ്ങൾ ശേഖരിച്ചുള്ള ആൽബം തയ്യാറാക്കൽ, സർവ്വേ പ്രോജക്ട് ചർച്ചകൾ സംവാദം, അഭിമുഖം എന്നിവയിലൂടെ കുട്ടികളെ ഉണർത്തുക.<br>ചെമ്പഴന്തി - ശ്രീനാരായണഗുരു ജന്മസ്ഥലം, അയ്യൻകാളി ജന്മസ്ഥലം - വെങ്ങാനൂർ ഫീൽഡ് ട്രിപ്പ് | അക്കാദമി വർഷത്തി ന്റെ മദ്ധ്യത്തിൽ | PTA | |
| 5. ഭൂപട വായന കുട്ടികളിൽ വളർത്തുക<br>സ്ഥലം നിർണയം, ഭൂപ്രകൃതി സവിശേഷതകൾ മനസ്സിലാക്കൽ തുടങ്ങിയ ലക്ഷ്യങ്ങൾ | പ്രകൃതിയുടെ കൈകളാൽ<br><br>ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന അറ്റ്ലസ് മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | അക്കാദമിക വർഷം | | |

| | | | | |
|---|---|---|---|---|
| 6. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കുവാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | എന്റെ പഠിപ്പുര<br><br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം, എന്നിവയിലൂടെ കൂടുതൽ വ്യക്തമായ ധാരണ നൽകുന്ന പ്രവർത്തനങ്ങൾ - ,വീഡിയോ പ്രദർശനം, പ്രോജക്റ്റ് റും, ചരിത്ര സിനിമ പ്രദർശനം | തിരഞ്ഞെടുക്കുന്ന പ്രത്യേക ദിനങ്ങൾ | | |
| 7. വ്യത്യസ്ത മണ്ണിനെക്കുറിച്ചും ജലാശയങ്ങൾ, കാറ്റുകൾ സമുദ്രങ്ങൾ, പ്രകൃതി പ്രതിഭാസങ്ങൾ, എന്നിവയെ കുറിച്ച് ധാരണ വളർത്തുക | പ്രകൃതിയെ തൊടാം<br><br>കണ്ടും കേട്ടും തൊട്ടറിഞ്ഞു ആശയങ്ങൾ മനോഹരമാക്കുന്നു | തിരഞ്ഞെടുക്കുന്ന പ്രത്യേക ദിനങ്ങൾ | | |

| ഉപമേഖല ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കൽ | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്<br>ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ലൈബ്രറി നവീകരണം | തുടർ പ്രവർത്തനം | പിടിഎ<br>അധ്യാപകർ | |
| 2. ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം | | ജൂൺ ആദ്യവാരം | ഇംഗ്ലീഷ് അധ്യാപകർ | |
| 3. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കൽ | ഇംഗ്ലീഷ് സിനിമ,ഡോക്യുമെൻററി പ്രദർശനം<br>റോൾപ്ലേ സെമിനാർ<br>ഇംഗ്ലീഷ് കൃതികളുടെ ദൃശ്യാവിഷ്കാരം | തുടർ പ്രവർത്തനം | അധ്യാപകർ<br>എസ് ആർ ജി | |
| 4. സ്വതന്ത്ര വായന,എഴുത്ത് എന്നിവയ്ക്ക് സജ്ജരാക്കൽ | ചിത്രവായന,<br>പത്രവായന,പദസമ്പാദനം,പബ്ലിക് സ്പീക്കിങ്,ന്യൂസ് റീഡിങ് | ക്ലാസ് റൂം പ്രവർത്തനം<br>അസംബ്ലി | അധ്യാപകർ | |
| 5. നാടകീകരണം | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി<br>സ്കിറ്റ്,കഥാ പ്രസംഗം,പപ്പറ്റ് ഷോ എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുക | ശനിയാഴ്ച അവധി ദിവസങ്ങൾ | ഇംഗ്ലീഷ് ക്ലബ്ബ് | |
| 6.കവിതാലാപനത്തിനും കവിതാ രചനയ്ക്കും പ്രാപ്തരാക്കൽ | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br>കവിതാരചന,ആലാപന മത്സരങ്ങൾ<br>പ്രശസ്ത കവികളുമായി ആശയവിനിമയവും സംവാദവും<br>രചനകളുടെ പ്രദർശനം | തുടർ പ്രവർത്തനം<br>അക്കാദമിക വർഷത്തിൽ രണ്ട് | ഇംഗ്ലീഷ് അധ്യാപകർ | |
| 7.സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തൽ | ഇംഗ്ലീഷ് ഫെസ്റ്റ്<br>ക്യാമ്പ് | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| 8.സംവാദ സദസ്സുകൾ സംഘടിപ്പിക്കൽ | ഇംഗ്ലീഷ് പ്രാസംഗികരുമായി ഇടപെടലിനും സംവാദത്തിനും സാഹചര്യമൊരുക്കൽ | ശനിയാഴ്ച | അധ്യാപകർ പിടിഎ | |
| 9. രക്ഷിതാക്കളുടെ ബോധവത്കരണം | പി ടി എ യോഗം | മാസത്തിൽ ഒന്ന് | ഹെഡ്മിസ്ട്രസ് പി ടി എ പ്രസിഡൻറ് അധ്യാപകർ | |

## മേഖല - ഹൈസ്കൂൾ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) നല്ല പുസ്തകങ്ങളോടുള്ള അഭിരുചി വർധിപ്പിക്കുന്നു. | കഥ, നാടകം, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | | | |
| 2) മറ്റുഭാഷകളെപ്പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |
| 3) വിവർത്തനം, വാർത്താ വായനക്കാർ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ, പദനിർമ്മാണം, വാക്യനിർമ്മാണം, ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കാൻ.<br><br>ഹിന്ദി ക്ലബ്ബ് രൂപീകരണം | ജൂൺ മുതൽ | | |

| | | | |
|---|---|---|---|
| 2.) സർഗശേഷി വികസനം | വായനാനുഭവം പങ്കുവയ്ക്കൽ. പുസ്തക ചർച്ച , പുസ്തക ആസ്വാദനം | അവധിക്കാലം അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ |

# ഉപസംഹാരം

കുട്ടിയുടെ സർവതോമുഖമായ വികാസമാണ് വിദ്യാഭ്യാസ പ്രക്രിയയിലൂടെ സാധ്യമാകേണ്ടത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. മേൽ സൂചിപ്പിച്ച വിദ്യാഭ്യാസ പ്രവർത്തനത്തിലെ അടിസ്ഥാന ആശയങ്ങൾ സാംശീകരിച്ചും വിദ്യാലയത്തിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെയും ആണ് അയിലറ ഗവൺമെന്റ് ഹൈസ്കൂളിന്റെ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ഇവിടെ വിശദീകരിച്ചിട്ടുള്ള കർമ്മ പരിപാടികൾ പ്രാവർത്തികമാക്കുന്നതിന് അധ്യാപകരോടും രക്ഷിതാക്കളോടുമൊപ്പം ജനപ്രതിനിധികളുടെയും സമൂഹത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന് വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. അതിനു സാധിക്കുമെന്ന ഉത്തമ വിശ്വാസവും വിദ്യാലയത്തിനുണ്ട്.